# ***GMLPS, VALANCHERY***

# അക്കാദമികമാസ്റ്റർപ്ലാൻ

# 2025-26

| ലക്ഷ്യം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| **ഒപ്പം -വിജയസ്പർശം**<br>മലയാളം ,ഗണിതം എന്നീ വിഷയങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കു പരിശീലനം കൊടുത്തു പ്രാപ്തരാക്കുന്നതിന് .<br><br>3,4 ക്ലാസ്സിലെ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നവരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് | മലയാളം<br>ഗണിതം<br><br>ഇംഗ്ലീഷ് | രാവിലെ 9.45 മുതൽ 10.30 വരെ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി അതിനനുസരിച്ചുള്ള ക്ലാസുകൾ എല്ലാ ദിവസങ്ങളിലും കുട്ടികൾ മെച്ചപ്പെടുന്നതുവരെ നൽകുന്നു<br><br>ഇംഗ്ലീഷ് സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള ഉൾഭയം ഒഴിവാക്കുന്നതിനുള്ള ചെറിയ പ്രവർത്തനങ്ങൾ നൽകുന്നു .ഒപ്പം കുഞ്ഞു കഥാചിത്രപുസ്തകങ്ങൾ നൽകി അധ്യാപകരുടെയും കൂട്ടുകാരുടെയും സഹായത്തോടെ വായിക്കാനും ആശയം മനസ്സിലാക്കാനും പ്രാപ്തരാക്കുന്നു .കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രോത്സാഹനം പ്രീ പ്രൈമറി മുതൽ നടപ്പിലാക്കുന്നു . | ജൂൺ - ഡിസംബർ | അധ്യാപകർ, CPTA |
| **ടാലെന്റ് പരീക്ഷകൾ**<br><br>അക്കാദമികമായി കുട്ടി നേടിയെടുക്കുന്ന വിവരങ്ങളും പൊതുവിജ്ഞാനവും പത്രവായനയും ഉൾപ്പെടുത്തി കുട്ടികളെ മത്സരപ്പരീക്ഷകൾക്ക് പ്രാപ്തമാക്കുന്ന പദ്ധതി | പൊതുവി ജ്ഞാനം | ഓരോ യൂണിറ്റിലും വരാവുന്ന ചോദ്യങ്ങളും അതുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനവും പത്രവാർത്തകളും ഉൾപ്പെടുത്തി കുട്ടികൾക്ക് ചോദ്യങ്ങൾ നൽകുന്നു . ജൂലൈ പകുതി മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ മാസാവസാനം ടാലെന്റ്റ് പരീക്ഷ നടത്തുന്നു . ഓരോ മാസവും ക്ലാസ് /സ്കൂൾ തല വിജയിയെ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു. | ജൂലൈ - ഫെബ്രുവരി | ക്ലാസ്അധ്യാപകർ ,PTA |

| ലക്ഷ്യം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പൊതുവിജ്ഞാനത്തിനോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനും വായനയിൽ താല്പര്യം ഉണർത്തുന്നതിനും വേണ്ടി. | പൊതുവിജ്ഞാനം | കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പൊതുവിജ്ഞാനത്തിനോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനും വായനയിൽ താല്പര്യം ഉണർത്തുന്നതിനും വേണ്ടി ദിവസവും 5 ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ഉത്തരങ്ങൾ അന്ന് വൈകുന്നേരത്തിനുള്ളിൽ കണ്ടെത്തി ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുന്നു.ആഴ്ചയിലൊരിക്കൽ കൂടുതൽ ശരിയുത്തരം കണ്ടെത്തിയ കുട്ടിക്ക് സമ്മാനങ്ങൾ നൽകുന്നു.മാസാവസാനം പത്ര ക്വിസ് നടത്തി വിജയികളെ കണ്ടെത്തുന്നു . പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നു . | ജൂലൈ - ഫെബ്രുവരി | അധ്യാപകർ PTA |
| എല്ലാ കുട്ടികളിലും അറബിക് ഭാഷാസമ്പത്ത് വർദ്ധിപ്പിക്കാനും പൊതുവിജ്ഞാനത്തോടൊപ്പം ഭാഷാശേഷി വർദ്ധിപ്പിക്കാനും ഉള്ള പ്രവർത്തനങ്ങൾ ചെയ്യൽ | അറബിക്പദസമ്പത്ത്,പൊതുവിജ്ഞാനം | എല്ലാ ദിവസവും കുട്ടികളുടെ നിലവാരത്തിനനുയോജ്യമായ പുതിയ വാക്കുകൾ പരിചയപ്പെടുത്തുകയും അവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു .താല്പര്യമുള്ള കുട്ടികൾക്ക് എഴുതിയെടുക്കാനും പഠിക്കാനും ഉള്ള അവസരമൊരുക്കുകയും മാസത്തിലൊരിക്കൽചെറിയ തോതിൽ വിലയിരുത്തലുകൾ നടത്തി പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു . | ജൂലൈ - ഫെബ്രുവരി | അധ്യാപകർ |

| ലക്ഷ്യം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| കുട്ടികളിലെ ഗണിതത്തിനോടുള്ള പേടി കുറയ്ക്കുന്നതിനും ഗണിത കൗതുകം ഉണർത്തുന്നതിനും ഗണിതപഠനം സൗഹൃദപരമാക്കുന്നതിനും | ഗണിതം | ഗണിതത്തിലെ ഓരോ പദഭാഗവുമായി ബന്ധപ്പെട്ട് പുതിയ ആശയങ്ങൾ പരിചയപ്പെടുത്തുകയും വിവരിക്കുകയും പുതിയ രൂപങ്ങൾ ,പ്രശ്നങ്ങൾ ,കുസൃതിക്കണക്കുകൾ തുടങ്ങിയവ പരിചയപ്പെടുത്തുകയും ചെയ്യുന്ന പതിപ്പുകൾ തയ്യാറാക്കൽ | ഒരു ടേമിൽ ഒന്ന് വീതം | അധ്യാപകർ |
| കുട്ടികളിലെശാസ്ത്രബോധം വളർത്തുന്നതിനും ശാസ്ത്ര കൗതുകം ഉണർത്തുന്നതിനും | ശാസ്ത്രം | 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലെ ആശയങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കണ്ടെത്തി അവ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അസ്സംബ്ലിയിൽ സമയബന്ധിതമായി അവതരിപ്പിക്കുന്നു.ജനുവരിയിശാസ്ത്രം ൽ CPTA -ൽ രക്ഷിതാക്കളുടെ മുൻപിൽ എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ ശാസ്ത്രമേള ഒരുക്കുന്നു . | ജൂലൈ - ജനുവരി | അധ്യാപകർ, PTA |
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | പരിസ്ഥിതി പഠനം,ആരോഗ്യം | ബോധവൽക്കരണക്ലാസ്സുകൾ ,പിറന്നാളിന് മിഠായിക്ക്പകരം ഉച്ചഭക്ഷണത്തിലേക്ക് പച്ചക്കറികൾ /ഉദ്യാനത്തിലൊരു പൂച്ചെടി /ക്ലാസ് ലൈബ്രറിയിലേക്ക് ഒരു കഥാപുസ്തകം , ആഴ്ച തോറും ഡ്രൈ ഡേ ആചരണം , വൃത്തിയുള്ള ക്ലാസ്സിന് ആഴ്ച തോറും റോളിങ് ട്രോഫി നൽകൽ ,ശുചിത്വ മോണിറ്ററിങ് , സ്കൂൾ സൗന്ദര്യവൽക്കരണം | ജൂലൈ -മാർച്ച് | അധ്യാപകർ, PTA |

| ലക്ഷ്യം | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| **ക്ലൂട്** -അമ്മമാർക്ക് ഒരു വായനാമുറി രക്ഷിതാക്കളുടെ വായനശീലം വളർത്താൻ | വായന | സ്കൂൾ ലൈബ്രറി രക്ഷിതാക്കളുടെ സഹായത്തോടെ ക്രമീകരിക്കൽ ,രക്ഷിതാക്കൾക്കായി തുറന്നുകൊടുക്കൽ ,പുസ്തകത്തെക്കുറിച്ച് ആസ്വാദനക്കുറിപ്പെഴുതൽ ,അവർക്കായി ദിനാചരണപ്രവർത്തനങ്ങളോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ (കഥ /കവിത /ചിത്രരചന ,കവിതാലാപനം ,ആസ്വാദനക്കുറിപ്പ് ,etc ). | ജൂലൈ - മാർച്ച് | അധ്യാപകർ, PTA |
| 1 മുതൽ 4 വരെയുള്ള കുട്ടികൾ ക്ലാസ്സ്മുറിയിൽ നിന്ന് നേടേണ്ട ശേഷികൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തൽ | | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണയം നടത്തൽ , രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ ,കുട്ടികളുടെ ഗൃഹസന്ദർശനം നടത്തി അധ്യാപക വിദ്യാർത്ഥി ബന്ധം ഉറപ്പിക്കൽ | ജൂലൈ - മാർച്ച് | അധ്യാപകർ, |

# പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

## GMLPS,വളാഞ്ചേരി